## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6108** 10.7.2012-ൽ മറുപടിയ്ക്ക്

**നാളികേര ഉൽപ്പാദനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, വി. ഡി. സതീശൻ<br>,, കെ. അച്ചുതൻ<br>,, സി. പി. മുഹമ്മദ് | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) നാളികേര ഉല്പാദന രംഗത്ത് സംസ്ഥാനത്തിന് നഷ്ടമായ ഒന്നാം സ്ഥാനം വീണ്ടെടുക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; | (എ) നാളികേര കൃഷിയിൽ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരശ്രീ പദ്ധതി നടപ്പാക്കുന്നു. കുട്ടനാട് പാക്കേജ് ഇടുക്കി പാക്കേജ് എന്നിവയിലും തെങ്ങ് കൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ സംയോജിത നാളികേര വികസന പദ്ധതി, തെങ്ങുകൃഷി പുനരുദ്ധാരണ പദ്ധതി, ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ വിതരണം എന്നിവയും നടപ്പിലാക്കി വരുന്നു |
| (ബി) നാളികേര വികസന ബോർഡുമായി സഹകരിച്ച് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് | (ബി) നാളീകേര വികസന ബോർഡുമായി സഹകരിച്ച് 2012-13 സാമ്പത്തിക വർഷത്തിൽ കൃഷി വകുപ്പ് താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br><br>1. കരിക്കിൻ വെള്ളം സംസ്ക്കരണം, വെർജിൻ കോക്കനട്ട്ഓയിൽ, ഡെസിക്കേറ്റഡ് കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് ചിപ്സ് എന്നീ നൂതന നാളികേര വിഭവങ്ങൾ ഉൽപാദിപ്പിക്കുന്ന കേരളത്തിലെ പുതിയ യൂണിറ്റുകൾക്ക് നാളികേര വികസന ബോർഡിന്റെ |

സഹായത്തിനു പുറമെ മൂലധന ചെലവിന്റെ 25 % തുക പരമാവധി 25 ലക്ഷം രൂപ സബ്സിഡിയായി നൽകുന്നതാണ്.

2. നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന '' തെങ്ങിന്റെ ചങ്ങാതി കൂട്ടം '' എന്ന പരിപാടിയിൽ പരിശീലനം നേടി തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 5000 പേരിൽ ബാങ്ക് വായ്പ എടുത്ത് ഇരുചക്ര വാഹനങ്ങൾ വാങ്ങാൻ 25 ശതമാനം സബ്സിഡി (പരമാവധി 12,500 രൂപ ) നൽകുന്ന കാര്യവും പരിശോധിച്ചു വരുന്നു.

(സി) എന്തെല്ലാം സഹായമാണ് ഇതിന് കേന്ദ്രഗവൺമെന്റിൽ നിന്നും ലഭിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(സി) & (ഡി) കേന്ദ്രസർക്കാറിൽ നിന്നും ഇതിനായി സഹായമൊന്നും ലഭിക്കുന്നില്ല. സംസ്ഥാന വിഹിതം ഉപയോഗിച്ചാണ് മേൽ സൂചിപ്പിച്ച രണ്ടു പദ്ധതികൾക്കും സഹായം ലഭ്യമാകുന്നത്• ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**